'ഭരണ ഭാഷ മാതൃഭാഷ'

# സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

( ഹാജർ: ആർ.ഗിരിജ ഐ. എ. എസ്. )

No: DSLR/3267/2020-G4 തിരുവനന്തപുരം, തീയതി: 23/12/2020

**വിഷയം:-** സർവേയും ഭൂരേഖയും വകുപ്പ് - ജീവനക്കാര്യം - ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

**സൂചന:**1) 04-11-2020 തീയതിയിലെ 2643 നമ്പർ വാല്യം.9 അസാധാരണ ഗസറ്റ് വിജ്ഞാപനം

2) സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻറെ 02-11-2020 തീയതിയിലെ ബി1-33870-2020-SEC നമ്പർ ഉത്തരവ്.

3) സർവ്വെ ഡയറക്ടറുടെ 05-11-2020 തീയതിയിലെ DSLR-3664/2019/SC2 നമ്പർ കത്ത്.

4) സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻറെ 09-11-2020 തീയതിയിലെ സം.തി.ക-37978-2020-ബി3 നമ്പർ കത്ത്.

5) 23-11-2020 തീയതിയിലെ REV-E2/148/2020-REV നമ്പർ സർക്കാർ കത്ത്.

6) 30-10-2020 തീയതിയിലെ ടെക്നിക്കൽ അസിസ്റ്റന്റ് മാരുടെ ഡി .പി.സി (ലോവർ) മിനിറ്റ്സ്.

7) സർവ്വെ ഡയറക്ടറുടെ 28-10-2020 തീയതിയിലെ എസ് .സി2-20703/2016 നമ്പർ ഉത്തരവ്.

8) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീമതി.സുചരിത.റ്റി.കെ, ശ്രീ.ബാബു.എൻ എന്നിവർ ഫയൽ ചെയ്ത OA-1889/2020 നമ്പർ കേസിലെ 14-12-2020 തീയതിയിലെ സ്റ്റേ ഉത്തരവ്.

9) G.O (Rt) No.4726/2016/RD. Dated 10-11-2016 നമ്പർ ഉത്തരവ്.

10) G.O (P) No.7/2016/Fin. Dated 20-01-2016 നമ്പർ ഉത്തരവ്.

*******

സർവ്വേയും ഭൂരേഖയും വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ താല്ക്കാലിക സ്ഥാനക്കയറ്റം നൽകിയത് റെഗുലറൈസ് ചെയ്യുന്നതിനും 2016 മുതൽ 2020 വരെയുള്ള ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനും 30-10-2020 തീയതിയിൽ ഡി.പി.സി. (ലോവർ) കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് സൂചന (1) പ്രകാരം ഗസ്റ്റ് വിജ്ഞാപനം നൽകി പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരത്തോട് കൂടി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി സൂചന (3) പ്രകാരം സർക്കാരിൽ കത്ത്

നൽകിയിരുന്നു. തുടർന്ന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റംചട്ടം തീരുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണെന്ന് സൂചന (4), (5) പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

സൂചന (7) പ്രകാരം KS &SSR Rule 13A.(1) (a) പ്രകാരം ടെസ്റ്റ് യോഗ്യത ഇല്ലാതെ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ താല്ക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ച് നിലവിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ തുടർന്നു വരുന്ന 6 താല്ക്കാലിക ടെക്നിക്കൽ അസിസ്റ്റന്റ്മാരെ ഫീഡർ കാറ്റഗറിയായ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്ത് ഉത്തരവായത് സൂചന (8) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ജോലി ചെയ്തു വരുന്ന ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാരെ സൂചന (10) ഉത്തരവ് പ്രകാരം **35700-75600** ശമ്പള സ്കെയിലിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി താല്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | എച്ച്.ഡി കേഡറി ലെ റാങ്ക് | പേര് | ഇഎംപി ഐഡി | നിലവിൽ ജോലി ചെയ്യുന്ന തസ്തികയും കാര്യാലയവും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 814 | ലോഹിതാക്ഷൻ.വി | 2385 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, എ.ഡി. (റീസർവെ) കാര്യാലയം, മലപ്പുറം | എ.ഡി. (റീസർവെ) കാര്യാലയം, തൃശ്ശൂർ | |
| 2 | 816 | സജീവൻ.എം | 69 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, എ.ഡി. (റീസർവെ) കാര്യാലയം, കണ്ണൂർ | എ.ഡി. (റീസർവെ) കാര്യാലയം, കാസർഗോഡ് | |
| 3 | 817 | റീന.സി.കെ | 1487 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ജില്ലാ എസ്റ്റാബ്ളിഷ്മെന്റ്, കോഴിക്കോട് | എ.ഡി. (മേപ്പിംഗ്) കാര്യാലയം, തൃശ്ശൂർ | |
| 4 | 820 | ഉണ്ണികൃഷ്ണൻ.സി.പി. (പ്രൊവിഷണൽ) | 2386 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ജില്ലാ എസ്റ്റാബ്ളിഷ്മെന്റ്, മലപ്പുറം | എ.ഡി. (റീസർവെ) കാര്യാലയം, പാലക്കാട് | **Provisional as per KS&SSR Rule 13A.(1) (a)** |
| 5 | 826 | വത്സമ്മ കെ.എസ് | 1133 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, എ.ഡി.റെയ്ഞ്ച്, പത്തനംതിട്ട | എ.ഡി. (റീസർവെ) കാര്യാലയം, തൊടുപുഴ | |
| 6 | 827 | സുജാത.പി.കെ | 1746 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, എ.ഡി. (റീസർവെ) കാര്യാലയം, തൊടുപുഴ | എ.ഡി. (റീസർവെ) കാര്യാലയം, കോട്ടയം | |

ക്രമ നമ്പർ 4.ലെ **ഉണ്ണികൃഷ്ണൻ.സി.പിയ്ക്ക്** സൂചന (9) പ്രകാരം KS &SSR Rules 13A.(1)

(a) അടിസ്ഥാനത്തിൽ ടെസ്റ്റ് യോഗ്യത ഇളവ് നൽകി പ്രൊവിഷണലായിട്ടാണ് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടിയാൻ ഉത്തരവ് തീയതി മുതൽ KS &SSR Rules 13A.(4) വ്യവസ്ഥ പ്രകാരം 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ടെസ്റ്റ് യോഗ്യത നേടിയില്ലായെങ്കിൽ റിവർട്ട് ചെയ്ത് ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ തരംതാഴ്ത്തി നിയമിക്കുന്നതാണ്

മേൽ പട്ടിക പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ അടിയന്തിരമായി വിടുതൽ ചെയ്ത് വിവരം സർവ്വെ ഡയറക്ടറേറ്റ് കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ ചാർജ്ജ് ഏറ്റെടുത്ത് ആർ.ടി.സിയുടെ പകർപ്പ് അക്കൌണ്ട് ജനറൽ കാര്യാലയത്തിലും ഈ കാര്യാലയത്തിലും സമർപ്പിക്കേണ്ടതാണ്.

Signature valid
Digitally signed by R GIRIJA
Date: 2020.12.23 13:29:28 IST
**SURVEY DIRECTOR**

1.അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2.സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3.പ്രിൻസിപ്പൽ സെക്രട്ടറി,റവന്യൂ (ഇ) വകുപ്പ് (ആമുഖ കത്ത് സഹിതം)
4.എല്ലാ ജില്ലാ കളക്ടർമാർക്കും
5..എല്ലാ RJD /DD/AD/SSLR മാർക്കും
6..ഡയറക്ടറുടെ C.A.
7.അഡീഷണൽ ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ-1/അസിസ്റ്റന്റ് സെക്രട്ടറി
8.വ്യക്തികൾക്ക്
9.കരുതൽ ഫയൽ/ജി3./ എസ്.സി1/എസ്.സി2 സീറ്റുകൾ.